(സി) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ എത്ര ഖാദി വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

2 ഉൽപ്പാദന യൂണിറ്റുകളും (പള്ളിക്കുന്ന് നൂൽപ്പ് & നെയ്ത്ത് യൂണിറ്റ്) 2 വിപണന യൂണിറ്റുകളും (കെ.ജി.എസ്. കൽപ്പറ്റ & ജി.എസ് പള്ളിക്കുന്ന്) പ്രവർത്തിക്കുന്നുണ്ട്.

(ഡി) പ്രസ്തുത മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കോവിഡ്-19 മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ട ഖാദി തൊഴിലാളികൾക്ക് മിനിമം വേതന പദ്ധതി പ്രകാരം സർക്കാർ അനുവദിച്ച 22 കോടി രൂപയിൽനിന്നും വയനാട് ജില്ലയിൽ 1,06,000 രൂപ വിതരണം ചെയ്തു. കോവിഡ് ബാധിച്ച 2 തൊഴിലാളികൾക്ക് 2000 രൂപ വീതം അനുവദിച്ചു. ആയത് തുടർന്നും അനുവദിച്ച് വരുന്നു. കൂടാതെ ഈ ജില്ലയിൽ 51 ഖാദി തൊഴിലാളികൾക്കും 1000 രൂപ വീതം 51000 രൂപ അനുവദിച്ച് നൽകി. ഓണക്കാലത്ത് സർക്കാർ അനുവദിച്ച ഉൽസവബത്തയ്ക്ക് പുറമെ എല്ലാ ഖാദി തൊഴിലാളികൾക്കും 250 രൂപ വീതം അധികം നൽകി. കൂടാതെ ഖാദിയുടെ ക്ഷേമനിധി ബോർഡിൽനിന്നും 1000 രൂപ വീതം രണ്ട് ഗഡുക്കളായി 51 ഖാദി തൊഴിലാളികൾക്കും നൽകി.

LIBRARY ARCHIVES Kerala Legislative Assembly

**മാമ്പറ്റയിലെ കയർ ഡീഫൈബറിംഗ് യൂണിറ്റിന്റെ പ്രവർത്തനം**

159 (3591) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ബോർഡിന് കീഴിൽ മുക്കം മാമ്പറ്റയിൽ പ്രവർത്തിക്കുന്ന കയർ ഡീഫൈബറിംഗ് യൂണിറ്റ് പ്രവർത്തിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

കയർഫെഡിന് കീഴിലുള്ള മാമ്പറ്റ വെസ്റ്റ് ഡീഫൈബറിംഗ് യൂണിറ്റിലെ മെഷീനറികൾ 2000-ലാണ് സ്ഥാപിച്ചത്. ആദ്യഘട്ടത്തിൽ 10000 തൊണ്ട് അടിക്കുന്ന മെഷീനുകളാണ് ഉണ്ടായിരുന്നത്. കാലപ്പഴക്കം കാരണം പലപ്പോഴായി മെഷീനുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും 1000 തൊണ്ട് മാത്രം അടിക്കാവുന്ന അവസ്ഥയിലേയ്ക്ക് എത്തുകയും ചെയ്തു. തുടർന്ന് യൂണിറ്റ് വൻ നഷ്ടത്തിലേയ്ക്ക് പോയതിന്റെ അടിസ്ഥാനത്തിൽ കയർഫെഡിന്റെ നിർദ്ദേശപ്രകാരമാണ് യൂണിറ്റിന്റെ പ്രവർത്തനം നിർത്തലാക്കിയത്.

(ബി) പ്രസ്തുത യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രസ്തുത യൂണിറ്റിന്റെ നവീകരണത്തിനായി 1-7-2021-ലെ സ.ഉ(സാധാ) 670/2021/വ്യവ പ്രകാരം 23.50 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

**കയർ തൊഴിലാളികൾക്കുവേണ്ടിയുള്ള പദ്ധതികൾ**

160(3592) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയെ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പരമ്പരാഗത കയർ വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും പരമ്പരാഗത കയർ തൊഴിലാളികളുടെ ഉന്നമനത്തിനുംവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച ഈ പദ്ധതി 2021-22 വർഷത്തിൽ പൂർത്തിയാകുന്നതാണ്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പാദന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന ഇതുവഴി കൈവരിക്കാനാകുമെന്ന് കരുതുന്നു. തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ മേഖലയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2-ാം പുനഃസംഘടന വിജയപ്രദമായി മുന്നോട്ട് പോവുകയാണ്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും ജില്ലാ മിഷനുകളുമായി ചർച്ചകൾ നടത്തുകയുണ്ടായി. കണ്ണൂർ പ്രോജക്ട് ഓഫീസിനുകീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട് ഓഫീസിനുകീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡീ-ഫൈബറിംഗ് മില്ലുകൾ കുടുംബശ്രീ

LIBRARY ARCHIVES Kerala Legislative Assembly